പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
23-09-2014

## എം.എസ്.റാവുത്തർ അനുസ്മരണം 27 ന്

പ്രമുഖ ട്രേഡ് യൂണിയൻ നേതാവായിരുന്ന എം.എസ്. റാവുത്തറുടെ ഒന്നാം ചരമ വാർഷിക ദിനം 2014 സെപ്തംബർ 27 ശനിയാഴ്ച കേരളത്തിലെ എല്ലാ ജില്ലകളിലും ആചരിക്കുമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻറ്റിയുസി) ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു. തിരുവനന്തപുരത്ത് പാളയം മുസ്ലീം അസ്സോസിയേഷൻ ഹാളിൽ രാവിലെ 10.30 ന് നടക്കുന്ന അനുസ്മരണ സമ്മേളനം കെ.മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. അനുസ്മരണ സമ്മേളനത്തിൽ പ്രമുഖ രാഷ്ട്രീയ, സാംസ്കാരിക ട്രേഡ് യൂണിയൻ നേതാക്കൾ പങ്കെടുക്കും.

അനുസ്മരണത്തോടനുബന്ധിച്ച് വൈദ്യുതി ലഭിച്ചിട്ടില്ലാത്ത സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ വീട് സൗജന്യമായി വയറിംഗ് ചെയ്ത് വൈദ്യുതി കണക്ഷൻ നൽകുകയും ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി കോൺഫെഡറേഷൻ പ്രവർത്തകരുടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളതായും ജനറൽ സെക്രട്ടറി അറിയിച്ചു.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578